"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്തിലെ ഡ്രൈവർ ഗ്രേഡ്-2 ആയ ശ്രീ. ബിനീഷ്.എൻ.ജി-ക്ക് പ്രത്യേക അവശതാ അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.ആർ.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1083/2026/LSGD തീയതി,തിരുവനന്തപുരം, 31-05-2026

---

പരാമർശം:-

1. സ.ഉ (പി )112/2017/ധന തീയതി 24/08/2017.
2. ശ്രീ. ബിനീഷ്. എൻ. ജി, ഡ്രൈവർ ഗ്രേഡ്-2 സമർപ്പിച്ച 03/07/2025-ലെ അപേക്ഷ.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 06/11/2025-ലെ LSGD/PD/23680/ 2025-DEE5 നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്തിലെ ഡ്രൈവർ ഗ്രേഡ്-2 ആയ ശ്രീ. ബിനീഷ്.എൻ.ജി-ക്ക് 18/06/2025-ന് ഓഫീസിലേയ്ക്കുള്ള യാത്രാമദ്ധ്യേ അപകടം സംഭവിക്കുകയും, കാലിനും, കൈയ്ക്കും പരിക്ക് പറ്റുകയും തുടർന്ന് പറവൂർ ഡോൺ ബോസ്കോ ഹോസ്പിറ്റലിൽ അഡ്മിറ്റാകുകയും,ടിയാൻ സർജറിയ്ക്ക് വിധേയനാകുകയും, ഡോക്ടർ 18/06/2025 മുതൽ 29/07/2025 വരെ 42 ദിവസത്തെ വിശ്രമം നിർദേശിക്കുകയും ചെയ്തു.തുടർന്ന് 30/07/2025 മുതൽ 06/08/ 2025 വരെ 8 ദിവസം ഫിസിയോതെറാപ്പി ചികിത്സയ്ക്ക് നിർദേശിക്കുകയും ചെയ്തു. ആയതിനാൽ 18/06/2025 മുതൽ 06/08/2025 വരെ 50 ദിവസം കെ.എസ്.ആർ. ഭാഗം I, ചട്ടം 98 പ്രകാരം പ്രത്യേക അവശത അവധിയായി അനുവദിക്കുവാൻ ആവശ്യപ്പെട്ട് പരാമർശം (2) പ്രകാരം ടിയാൻ സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശുപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1)-ലെ ഉത്തരവിലെ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്തിലെ ഡ്രൈവർ ഗ്രേഡ്-

2 ആയ ശ്രീ. ബിനീഷ്. എൻ.ജി-യ്ക്ക് 18/06/2025 മുതൽ 06/08/2025 വരെ 50 ദിവസം കെ. എസ്. ആർ ഭാഗം I, ചട്ടം 98 പ്രകാരമുള്ള പ്രത്യേക അവശതാ അവധി അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SABITHA BAI A S

ഡെപ്യൂട്ടി സെക്രട്ടറി

1) ശ്രീ.ബിനീഷ്.എൻ.ജി, ഡ്രൈവർ ഗ്രേഡ്-2, ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത്,തൃശ്ശൂർ (പ്രിൻസിപ്പൽ ഡയറക്ടർ ,തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന)
2) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
3) ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, ഇരിങ്ങലക്കുട, തൃശ്ശൂർ ജില്ല
4) അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം
5) വിവരപൊതു ജന സമ്പർക്ക (വെബ് & ന്യൂ മീഡിയ ഡിപ്പാർട്ട്മെന്റ്
6) ഓഫീസ് കോപ്പി /സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Rajesh Kumar. C
Date: 01-06-2026 11:12:07

സെക്ഷൻ ഓഫീസർ